DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18.05.2019

# കാർഷികമേഖലാവാർത്തകൾ

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാല മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ഈ മാസം 21 ന് കൂൺകൃഷി എന്നവിഷയത്തിലും 24 ന് ആടുവളർത്തൽ എന്ന വിഷയത്തിലും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487 – 2370773, 9074403449 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

തിരുവനന്തപുരം ജില്ലയിലെ അഴൂർ പഞ്ചായത്തിൽ അഴൂർ മൃഗാശുപത്രിയ്ക്കു സമീപം പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറിയിൽ 65 ദിവസത്തിനുമേൽ പ്രായമുളള മുട്ടക്കോഴികുഞ്ഞുങ്ങളെ 100 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ. 9745490541.

## ആനയറ-അറിയിപ്പ്

തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ആനയറ ബിസിനസ് കേന്ദ്ര യിൽ കുറ്റ്യാടി തെങ്ങിൻതൈ 100 രൂപ നിരക്കിലും, കേരഗംഗ തെങ്ങിൻതൈ 200 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവര ങ്ങൾക്ക് ബന്ധപ്പെടേ ഫോൺ നമ്പർ: 8281635530.

## അറിയിപ്പ്

കൊല്ലം ജില്ലയിലെ തൃക്കരുവാ കൃഷി ഭവനിൽനിന്നും സൗജന്യ നിരക്കിൽ പച്ചക്കറി വിത്തും എലി വിഷവും വിതരണം ചെയ്യുന്നു. കൃഷി ഭവൻ പരിധിയിൽ വരുന്ന എല്ലാ കർഷകരും കൃഷി ഭവനുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ കൈപ്പറ്റേണ്ടതാണെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാ പോണിക്സ് എന്ന കൃഷിരീതിയിൽ ഈ മാസം **22 മുതൽ 24** വരെ നടത്താനിരുന്ന 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം **21 മുതൽ 23** വരെയുള്ള തീയതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീ

ടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ **10** മണി മുതൽ വൈകിട്ട് **4.00** മണി വരെ ബന്ധപ്പെടുക.

## റബ്ബറിന്റെ രോഗങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിൽ പരിശീലനം

റബ്ബറിനെ ബാധിക്കുന്ന രോങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും റബ്ബർ ബോർഡ് പരിശീലനം നൽകുന്നു. ഈ മാസം 21 ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ്  പരിശീലനം. ഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനഫീസ് ഡയറക്ടർ - ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. അധിക വിവരങ്ങൾക്ക് ഫോൺ : 0481 2353127, 2351313

## വിളപരിപാലന നിർദ്ദേശങ്ങൾ

കർഷകർക്കുള്ള വിള പരിപാലന നിർദ്ദേശം ഇനി പറയുന്നു. പൊടിവിത നടത്തിയ നെൽപ്പാടങ്ങളിൽ ഒന്നാം ഗഡു രാസവളം ചേർക്കാം. ഉത്പാദനശേഷി കൂടിയ ഹ്രസ്വകാലയിനങ്ങൾക്ക് ഏക്കറിന് 21 കിലോഗ്രാമും ഇടത്തരം മൂപ്പുള്ളവയ്ക്ക് 26 കിലോഗ്രാമും നാടൻ ഇനങ്ങൾക്ക് 12 കിലോഗ്രാമും വീതം യൂറിയ ആവശ്യമാണ്. മേൽവളം ചേരക്കുന്നതിനു മുമ്പ് പാടത്തെ വെള്ളം വാർത്തു കളയണം. വിതയ്ക്കുന്നതിന് രണ്ടാഴ്ച മുമ്പെങ്കിലും നിലം തയ്യാറാക്കിയിടുന്നത് ഫലപ്രദമായ കളനിയന്ത്രണത്തിന് അത്യാവശ്യമാണ്.